കേന്ദ്ര പദ്ധതികൾ

14 (5818) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.പി.ഡി.എസ്. (ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഐ.പി.ഡി.എസ്.ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതികളനുസരിച്ച് കണ്ണൂർ ജില്ലയിൽനിന്ന് ആവശ്യമായ പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2011 സെൻസസ് പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി ടൗണുകളിലും ഇതിൽ ഉൾപ്പെട്ടിട്ടില്ലാത്ത പുതിയ മുനിസിപ്പാലിറ്റികളിലും നടപ്പിലാക്കാനുദ്ദേശിക്കുന്ന ഐ.പി.ഡി.എസ്. പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെപ്പറയുന്നു :

I. 66 കെ. വി വരെയുള്ള പ്രസരണ വിതരണ ശൃംഖല ശക്തിപ്പെടുത്തൽ.

II. ട്രാൻസ്ഫോർമർ, ഫീഡർ, കൺസ്യൂമർ എന്നിവിടങ്ങളിൽ മീറ്റർ സ്ഥാപിക്കൽ, RAPDRP പ്രകാരം സ്കാഡ (scada) നടപ്പിലാക്കുന്ന ടൗണുകളിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കൽ.

III. 12, 13 പഞ്ചവത്സര പദ്ധതികളിൽ അനുവദിച്ച RAPDRP പാർട്ട് A&B പദ്ധതികളുടെ പൂർത്തീകരണം.

IV. നാഷണൽ ഒപ്റ്റിക് ഫൈബർ നെറ്റ് വർക്ക് (NOFN) പദ്ധതിയിൽ വിട്ടുപോയ ഭാഗങ്ങളിൽ ഒപ്റ്റിക് ഫൈബർ സ്ഥാപിക്കൽ.

V. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയിൽ (CEA) നാഷണൽ പവർ ഡാറ്റാ ബേസ് സ്ഥാപിക്കൽ.

VI. സർക്കാർ കെട്ടിടങ്ങളിൽ നെറ്റ് മീറ്റർ ഉൾപ്പെടെ സോളാർ പാനൽ സ്ഥാപിക്കൽ.

VII. ട്രെയിനിംഗ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) IPDS പദ്ധതിയിൽ കണ്ണൂർ സ്മീമിൽ ഉൾപ്പെടുത്തി 4 ടൗണുകളിലായി 35.51 രൂപയുടെ പദ്ധതിയും ശ്രീകണ്ഠപുരം സ്മീമിൽ ഉൾപ്പെടുത്തി 3 ടൗണുകളിലായി 25.5 കോടി രൂപയുടെ പദ്ധതിയും കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

DDUGJY പദ്ധതിയിൽ ഉൾപ്പെടുത്തി 138.65 കോടി രൂപയുടെ പ്രവൃത്തികൾക്കുള്ള DPR തയ്യാറാക്കി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

വൈദ്യുത ചാർജിനത്തിലെ കുടിശ്ശിക

15 (5819) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുത ചാർജ്ജ് കിടിശ്ശികയിനത്തിൽ ബോർഡിന് പിരിഞ്ഞുകിട്ടാനുള്ള തുക എത്രയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത കടിശ്ശികയിനത്തിൽ വൻകിട കമ്പനികളിൽനിന്നും പിരിഞ്ഞു കിട്ടാനുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) എങ്കിൽ ഏതെല്ലാം കമ്പനികളാണ് കുടിശ്ശിക വരുത്തിയിട്ടുള്ളത് എന്നുള്ളത് വിശദമാക്കാമോ ;

(ഡി) എങ്കിൽ അത്തരം കമ്പനികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) 31-3-2015-ലെ ത്രൈമാസ കണക്കുപ്രകാരം വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ ബോർഡിന് പിരിഞ്ഞുകിട്ടാനുള്ള ആകെ തുക 1752.42 കോടി രൂപയാണ്.

(ബി) 31-3-2015-ലെ ത്രൈമാസ കണക്കെടുപ്പുപ്രകാരം എച്ച്.റ്റി/ഇ.എച്ച്.റ്റി വിഭാഗത്തിലെ ഉപഭോക്താക്കളിൽ സ്വകാര്യ സംസ്ഥാന/കേന്ദ്ര പൊതുമേഖലയിലെ കുടിശ്ശികക്കാരിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള തുക താഴെ പറയും പ്രകാരമാണ് :

സ്വകാര്യമേഖല	435 കോടി രൂപ
സംസ്ഥാന പൊതുമേഖല	159.1 "
കേന്ദ്ര പൊതുമേഖല	19.94 "

LIBRARY ARCHIVES Kerala Legislative Assembly